GAZETTE DATE : 16.11.2026
LAST DATE : 16.12.2026

CATEGORY NO: 188/2026

THIRD NCA NOTIFICATION

Applications are invited from qualified candidates belonging to the reservation group of Scheduled Caste community of Kerala State against NCA vacancy for selection to the following post. Applications must be submitted online only through the official website of the Kerala Public Service Commission after "ONE TIME REGISTRATION". Candidates who have registered can apply through their profile. Candidates who have AADHAR card should add Aadhaar as ID proof in their profile.

1. **Name of Department** : **Police (Motor Transport Wing) Department**

2. **Name of Post** : **Motor Transport Inspector (Technical)**

3. **Scale of pay** : **₹ 55,200 - 1,15,300/-**

4. **Number of vacancies** : **01 (One) [NCA – SC]**

Note: (i) The above vacancy is now in existence. The NCA Ranked list published as per this notification shall remain in force until candidates are advised and appointed against the above vacancy earmarked for the scheduled caste community, but remain unfilled due to the paucity of candidates belonging to the above mentioned community during the currency of the ranked list published on 10.08.2023 for the post (Category No.482/2019 Gazette date 31.12.2019). This is the third NCA notification due to the paucity of qualified candidates belonging to the Scheduled Caste community after the issuance of first and second NCA notifications as given below.

NCA	Category No	Gazette Date
1) First NCA	542/2023	15/12/2023
2) Second NCA	489/2024	16/12/2024

(ii) The name, age limit and qualification of this post has been prescribed as per G.O. (P).No.166/2005/Home dated 10.06.2005 (SRO.No.621/2005), G.O.(P).No. 141/2017/Home dated 15.12.2017 (SRO.No.34/18) and GO (MS) No.08/2026/P&ARD dated 27.02.2026.

5. **Method of appointment** : Direct recruitment from among Scheduled Caste community only

Note:- Applications submitted by candidates belonging to communities other than the above will be summarily rejected.

6. **Age limit** : **25-45.**
Only candidates born between 02.01.1981 and 01.01.2001 (both dates included) are eligible to apply for this post [including para 2 (i) of General Conditions].

[For other conditions regarding age relaxations, please see Para 2 of the General Conditions of the Gazette notification, except para 2 (i)]

7. **Qualifications:** :

I) **Educational Qualifications:-**

A) A Degree in Automobile Engineering or Mechanical Engineering recognized by the Government of Kerala.

B) Post qualification experience for a period of not less than 5 years in a major registered automobile workshop having not less than 50 employees of which not less than three years should be as an Assistant Engineer or its equivalent post and the same shall be one acquired after the date of registration of the work shop. The experience should be in Automobile Engineering/ Mechanical Engineering.

C) Must have valid current Heavy Duty License for driving.

Note: (a) KS&SSR Part-II Rule 10 (a) (ii) is applicable.

(b) In addition to the qualifications prescribed in the notification, the qualifications recognized by executive orders or standing orders of Government as equivalent to a qualification specified for the post, in the special rules or found acceptable by the Commission in cases where acceptance of equivalent qualifications is provided for in the rules and such of those qualifications which pre-suppose the acquisition of the lower qualification prescribed for the post, shall also be sufficient for the post. The copy of the Government Orders declaring equivalent/ higher qualifications shall be produced as and when required by the Commission.

(c) An experience certificate in the form given as **APPENDIX-I** of this notification, shall be produced as and when called for by the Commission. All experience certificates should be duly certified by the concerned Controlling Officer/ Head of Office of the Government. The veracity of the experience certificates will be subjected to scrutiny and legal actions will be taken against the authorities who issue, and against the candidates who produce bogus experience certificate.

(d) Candidates shall possess a current valid driving license throughout all the stages of selection process, as on the last date of application, OMR/ online test, certificate verification, physical measurement, interview, etc.,

(e) Driving license issued after 16.01.1979 should have separate endorsements of heavy-duty goods vehicles and heavy-duty passenger vehicles. Applications with only one endorsement will be summarily rejected.

II) **Physical Qualification:-**

A) Must be physically fit and should possess the following minimum physical standards:-

(i) Height – 165 cm

(ii) Chest – 81 cm (normal)

Chest expansion: 5 cm (minimum)

B) Should be certified to possess the visual standards specified below without glasses.

		Right Eye	Left Eye
(i)	Distant vision	6/6 snellen	6/6 snellen
(ii)	Near vision	0.5 snellen	0.5 snellen

Note: (a) Each eye must have a full field of vision

(b) Colour blindness, squint or any morbid conditions of the eyes or lids of either eye shall be a disqualification.

(c) A medical certificate in the form given as **APPENDIX-II** of this notification, in original signed by a Medical Officer not below the rank of a Civil Surgeon in government hospital certifying the physical fitness and visual standards shall be produced as and when called for by the Commission.

(d) The physical measurement of the candidates will be taken prior to interview and those who do not possess the prescribed physical measurements will not be admitted for the interview.

8. Training & Test :-

Every person appointed via direct recruitment shall undergo a training for a period of six months and shall pass a test as prescribed for Motor Transport Sub Inspector within the period of probation unless he has already passed the same.

9. Probation:-

Every person appointed shall be on probation for a total period of two years on duty within a continuous period of three years. Probation shall commence only from the date of successful completion of the prescribed training.

10. Mode of Submitting applications:

(A) Candidates shall register as per 'ONE TIME REGISTRATION ' system on the official website of Kerala Public Service Commission 'www.keralapsc.gov.in' for applying for the post. Candidates who have registered shall apply by logging on to their profile using their user id and password. Candidates shall click on the 'Apply Now' button of the respective posts in the notification link for applying for a post. Candidates who are creating new profile must upload photograph which is taken within six months. Name of the candidate and date of photograph taken should be printed legibly at the bottom portion. The photograph once uploaded meeting all requirements shall be valid for 10 years from the date of uploading. There is no change in other instructions regarding the uploading of photographs. No application fee is required. Candidates are responsible for the correctness of the personal information and secrecy of password. Before applying for a post, candidates must ensure correctness of the information in their profile. They must quote the user- ID for further communication with the Commission. Applications once submitted will be received as provisional and particulars cannot be deleted or altered after submission. **Candidates are advised to keep a printout or soft copy of the online application for future reference. Candidates can take the printout of the application by clicking on the link 'My applications' in their profile. All correspondences with the Commission, regarding the application should be accompanied with the print out of the application.** Applications submitted not in accordance with the conditions of the notification will be summarily rejected if non compliance with the notification is found in due course of processing. Original documents to prove qualification, experience, community, age, etc., have to be produced as and when called for.

(B) If written/ OMR/ online test is conducted as part of this selection, candidates possessing requisite qualification as per Para 7 above alone shall submit a confirmation for writing the examination through their One Time Registration profiles. Such candidates alone can generate and download the admission tickets in the last 15 days till the date of test. The application of candidates who do not submit confirmation within the stipulated period, will be rejected absolutely. The periods regarding the submission of confirmation and the availability of admission tickets will be published in the examination calendar itself.

Information in this regard will be given to the candidates in their respective profiles and in the mobile phone number registered in it.

(C) The examination schedule and the syllabus will be notified separately.

11. Last date for submission of applications :- 16.12.2026, Wednesday upto 12.00 midnight.

12. Address to which applications are to be submitted: - www.keralapsc.gov.in

13. Special Instructions to Candidates:-

(A) Candidates who receive a profile message at any stage of the selection process directing them to upload documents to prove their qualifications and other claims should do so within the stipulated time; otherwise he will not be considered for the next stage of the selection.

(B) In the case of difference in caste/ community claimed in the application and that entered in SSLC book, the candidate shall produce a gazette notification in this regard, along with community certificate at the time of certificate verification.

(C) Candidates are required to acquaint themselves with the instructions given in the notification as Part-II, general conditions before submitting application for the post. Applications which are not submitted in accordance with the terms and conditions laid down in the general conditions are liable to be rejected.

(D) Appropriate disciplinary action as per Rule 22 of the Kerala Public Service Commission Rules of Procedure shall be initiated against those candidates who submit applications with bogus claims of qualification regarding education, experience etc., and are liable to be disqualified for being considered for a particular post or debarment from applying to the Commission either permanently or for any period or the invalidation of their answer scripts or products in a written/ practical test or the initiation of criminal or other proceedings against them or their removal or dismissal from office or the ordering of any other disciplinary action against them if they have already been appointed, or any one or more of the above.

(For details including photo, ID card etc., refer the General Conditions given in Part II of the Gazette Notification)

APPENDIX-I

CERTIFICATE OF EXPERIENCE

Name of Firm (Company/ Corporation/ Govt. Department/ Co-operative Institution, etc.)	:
Registration Number (SSI Registration or any other Registration Number)	:
Date of Registration	:
Authority Issued Registration	:

Issued to.....
….....(Name & Address)

This is to certify that the above mentioned person has worked/ has been working in this institution as …..... (here enter the name of the post held and nature of his duty) on Rs..... per day/ per mensum for a period of ..... Years ..... Months .....Days from …../...../..... to …../...../..... (from and to details are to be entered in DD/MM/YYYY format). Out of which he has served as Assistant Engineer or .....(name of post) for a period of .....Years .....Months .....Days. I also certify that the above said experiences of the incumbent is in the field of Mechanical/Automobile Engineering and this Institution has more than ..... employees.

Place :	**Signature with Date**
Date :	**Name**
	Designation of the issuing Authority with Name of the Institution

(Office Seal)

DECLARATION

Certified that Sri./Smt.....mentioned in the above Experience Certificate has actually worked/ is working as ..... (specify the nature of employment) in the above institution during the period from ..... to ..... Out of which he has worked as Assistant Engineer or ..... (name of post in the Institution) for ..... years and this institution has not less than 50 employees as per the entry in Register ..... (name of register to be specified) maintained by the Employer as per the provisions of the ..... Act (name of Act/ Rules to be specified).

Also certified that I am the authorized officer to inspect the registers kept by the employer as per the provisions of the ..... Act/Rules of the State/ Central Government.

Place:	**Signature with Date**
Date :	**Name of Attesting Officer with Designation and Name of Office, who is the notified enforcement officer as per Act/Rules**

(Office Seal)

APPENDIX-II

MEDICAL CERTIFICATE

[to be obtained from a Medical Officer under the Govt. not below the rank of Civil Surgeon]

I have this day, medically examined Sri./Smt. ….....…….

….....

.....(Name & Address) and found that he/she has no disease or infirmity which would render him/her unsuitable for government service. His/ Her age, according to his/ her own statement is ……and by appearance is …..... His/ Her standards of vision are as follows:-

I. STANDARDS OF VISION (without glasses)		
1. Distant Vision	Right Eye	Left Eye
	.....Snellen	.....Snellen
2. Near Vision	.....Snellen	.....Snellen
3. Field of Vision	.....	.....
	[Specify whether Full or Not] (Entry 'Normal', 'Good', Average, etc., will be inappropriate here)	
4. Colour Blindness ….....		
5. Squint ….....		
6. Any morbid conditions of the eye or lids of either eye. ….....		
II. IDENTIFICATION MARKS		
1. …….....……		
2. …….....……		

He/ She is physically fit for the post of ….....…… in..... department.

I certify to the best of my knowledge and belief that the applicant Sri/Smt..... is the person herein above described and that the attached photograph has a reasonably correct likeness.

Photo of the candidate

Signature
Name & Designation of the Medical Officer

(The signature of the Medical officer shall be affixed on the photograph leaving the face clear).

Place:
Date:

(Office Seal)

Note:- Details regarding Standards of vision should be clearly stated in the Certificate, as given above. Vague statements such as vision “normal”, “good”, “average” etc., will not be accepted. Specification for each eye should be stated separately. If the specifications are not as indicated above, the certificate will not be accepted.

SAJU GEORGE
SECRETARY
KERALA PUBLIC SERVICE COMMISSION

കാറ്റഗറി നമ്പർ : 188/2026

മൂന്നാം എൻ.സി.എ വിജ്ഞാപനം

കേരള സർക്കാർ സർവ്വീസിൽ താഴെപ്പറയുന്ന ഉദ്യോഗത്തിന് തെരഞ്ഞെടുക്കപ്പെടുന്നതിന് കേരള സംസ്ഥാനത്തിലെ പട്ടികജാതി സംവരണ വിഭാഗത്തിൽപ്പെട്ട യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും ഓൺലൈനായി മാത്രം ഒറ്റത്തവണ രജിസ്ട്രേഷൻ പ്രകാരം അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ് സൈറ്റിലൂടെ ഒറ്റത്തവണ രജിസ്ട്രേഷൻ പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. ഇതിനോടകം രജിസ്റ്റർ ചെയ്തവർക്ക് അവരുടെ പ്രൊഫൈലിലൂടെ അപേക്ഷിക്കാവുന്നതാണ്. ആധാർ നമ്പർ ലഭ്യമായിട്ടുള്ളവർ ആയത് പ്രൊഫൈലിൽ തിരിച്ചറിയൽ രേഖയായി ഉൾപ്പെടുത്തേണ്ടതാണ്.

1. **വകുപ്പ്** : **പോലീസ് (മോട്ടോർ ട്രാൻസ്പോർട്ട് വിംഗ്) വകുപ്പ്**
2. **ഉദ്യോഗപ്പേര്** : **മോട്ടോർ ട്രാൻസ്പോർട്ട് ഇൻസ്പെക്ടർ (ടെക്നിക്കൽ)**
3. **ശമ്പളം** : **₹55,200–1,15,300/–**
4. **ഒഴിവുകളുടെ എണ്ണം** : **01 (ഒന്ന്) [എൻ.സി.എ – പട്ടികജാതി]**

കുറിപ്പ്: (i) മേൽപ്പറഞ്ഞ ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കുന്ന എൻ.സി.എ റാങ്ക് ലിസ്റ്റിന് ഈ തസ്തികയുടെ (കാറ്റഗറി നമ്പർ 482/2019 ഗസറ്റ് തീയതി 31.12.2019) 10.08.2023-ൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ പട്ടികജാതി സമുദായത്തിന് വേണ്ടി നീക്കിവെച്ചിട്ടുള്ളതും എന്നാൽ ആ സമുദായത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ, നികത്തപ്പെടാതെ വന്ന ഒഴിവുകളിലേയ്ക്ക് ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെ പ്രാബല്യമുണ്ടായിരിക്കുന്നതാണ്. താഴെകൊടുത്തിരിക്കുന്ന ഒന്നും രണ്ടും എൻ.സി.എ വിജ്ഞാപനങ്ങൾ പ്രകാരം പട്ടികജാതി സമുദായത്തിലെ അർഹരായ ഉദ്യോഗാർത്ഥികളെ ലഭിക്കാതിരുന്നതിനാലുള്ള മൂന്നാം എൻ.സി.എ വിജ്ഞാപനമാണിത്.

എൻ.സി.എ	കാറ്റഗറി നമ്പർ	ഗസറ്റ് തീയതി
1) ഒന്നാം എൻ.സി.എ	542/2023	15/12/2023
2) രണ്ടാം എൻ.സി.എ	489/2024	16/12/2024

(ii) G.O.(P).No.166/2005/Home Dated 10.06.2005 (SRO.No.621/05), G.O.(P).No. 141/2017/Home Dated 15.12.2017 (SRO.No.34/18), GO (MS) No.08/2026/P&ARD dated 27.02.2026 എന്നീ സർക്കാർ ഉത്തരവുകളെ അടിസ്ഥാനമാക്കിയാണ് തസ്തികയുടെ പേര്, പ്രായ പരിധി, യോഗ്യത എന്നിവ വിജ്ഞാപനം ചെയ്തിരിക്കുന്നത്.

5. **നിയമനരീതി** : **നേരിട്ടുള്ള നിയമനം– പട്ടികജാതി സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്ന് മാത്രം.**

കുറിപ്പ്: ഈ വിജ്ഞാപന പ്രകാരം മേൽപ്പറഞ്ഞ സംവരണ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.

6. **പ്രായപരിധി** : **25–45.**
   ഉദ്യോഗാർത്ഥികൾ 02.01.1981-നും 01.01.2001-നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ) [പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 (i) ഉൾപ്പെടെ].

[വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് വിജ്ഞാപനത്തിലെ പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക, ഖണ്ഡിക 2 (i) ഒഴികെയുള്ളവ]

7. **യോഗ്യതകൾ** :

I) വിദ്യാഭ്യാസ യോഗ്യത:–

A) കേരള സർക്കാർ അംഗീകരിച്ച ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ് അല്ലെങ്കിൽ മെക്കാനിക്കൽ എഞ്ചിനീയറിംഗിൽ ലഭിച്ചിട്ടുള്ള ബിരുദം.

B) മേൽപ്പറഞ്ഞ യോഗ്യത നേടിയതിനുശേഷം, 50-ൽ കുറയാത്ത തൊഴിലാളികൾ ജോലി ചെയ്യുന്ന, ഒരു മേജർ രജിസ്റ്റേർഡ് ഓട്ടോമൊബൈൽ വർക്ക്ഷോപ്പിൽ നിന്നും അഞ്ച് വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം നേടിയിരിക്കണം. ഇതിൽ മൂന്ന് വർഷം അസിസ്റ്റന്റ് എഞ്ചിനീയർ അല്ലെങ്കിൽ തത്തുല്യ തസ്തികയിലും, പ്രവൃത്തി പരിചയം പ്രസ്തുത വർക്ക്ഷോപ്പ് രജിസ്റ്റർ ചെയ്തതിനുശേഷം നേടിയതുമായിരിക്കണം. പ്രവൃത്തി പരിചയം ഓട്ടോമൊബൈൽ എഞ്ചിനീയറിംഗിലോ, മെക്കാനിക്കൽ എഞ്ചിനീയറിംഗിലോ ഉള്ളതായിരിക്കണം.

C) ഹെവി ഡ്യൂട്ടി വാഹനങ്ങൾ ഓടിക്കുന്നതിന് അധികാരപ്പെടുത്തിയ സാധുവായ, നിലവിലുള്ള (current) ഡ്രൈവിംഗ് ലൈസൻസ് ഉണ്ടായിരിക്കണം.

കുറിപ്പ്: (a) KS&SSR Part–II Rule 10 (a) (ii) ബാധകമാണ്.

(b) ഈ വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾക്ക് പുറമേ എക്സിക്യൂട്ടീവ് ഉത്തരവുകൾ മുഖേനയോ സ്റ്റാൻഡിംഗ് ഉത്തരവുകൾ മുഖേനയോ നിശ്ചിത വിദ്യാഭ്യാസ യോഗ്യതയ്ക്ക് തത്തുല്യമായി

സർക്കാർ പ്രഖ്യാപിക്കുന്ന യോഗ്യതകളും, സ്പെഷ്യൽ റൂൾസിൽ നിഷ്കർഷിക്കുന്ന യോഗ്യതകൾക്ക് തത്തുല്യമായി കമ്മീഷൻ നിശ്ചയിക്കുന്ന യോഗ്യതകളും, നിർദ്ദിഷ്ട യോഗ്യതകൾ അടിസ്ഥാന യോഗ്യതയായിട്ടുള്ള ഉയർന്ന യോഗ്യതകളും സ്വീകരിക്കുന്നതാണ്. തത്തുല്യ യോഗ്യത/ ഉയർന്ന യോഗ്യത സംബന്ധിച്ച സർക്കാർ ഉത്തരവുകൾ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

(c) ഈ വിജ്ഞാപനത്തോടൊപ്പം **അനുബന്ധം-I** ആയി ഉൾപ്പെടുത്തിയിരിക്കുന്ന മാതൃകയിലുള്ള പരിചയ സർട്ടിഫിക്കറ്റ് കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്. എല്ലാ പരിചയ സർട്ടിഫിക്കറ്റുകളും ഇതിനായി സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ള ബന്ധപ്പെട്ട നിയന്ത്രണാധികാരി/ ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്തിയിരിക്കണം. പരിചയ സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും, വ്യാജ പരിചയ സർട്ടിഫിക്കറ്റ് നല്കുന്നവർക്കെതിരേയും, വ്യാജ പരിചയ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന ഉദ്യോഗാർത്ഥികൾക്കെതിരേയും നിയമാനുസൃതമായ നടപടി കൈക്കൊള്ളുന്നതാണ്.

(d) അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി, ഒ.എം.ആർ/ ഓൺലൈൻ പരീക്ഷ, സർട്ടിഫിക്കറ്റ് പരിശോധന, ശാരീരിക അളവെടുപ്പ്, അഭിമുഖം തുടങ്ങിയ തെരഞ്ഞെടുപ്പിന്റെ എല്ലാ ഘട്ടങ്ങളിലും ഉദ്യോഗാർത്ഥിക്ക് നിലവിലുള്ള സാധുവായ ഡ്രൈവിംഗ് ലൈസൻസ് ഉണ്ടായിരിക്കേണ്ടതാണ്.

(e) 16.01.1979-ന് ശേഷം നേടിയ ഡ്രൈവിംഗ് ലൈസൻസിൽ ഹെവിഡ്യൂട്ടി ഗ്രഡ്സ് വെഹിക്കിൾ, ഹെവിഡ്യൂട്ടി പാസഞ്ചർ വെഹിക്കിൾ എന്നിവ ഓടിക്കുന്നതിനുള്ള പ്രത്യേകം എൻഡോഴ്സ്മെന്റ് ഉണ്ടായിരിക്കണം. ഏതെങ്കിലും ഒരു എൻഡോഴ്സ്മെന്റ് മാത്രമുള്ള അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.

II) ശാരീരിക യോഗ്യതകൾ:-

A) നല്ല ശാരീരിക ക്ഷമത ഉണ്ടായിരിക്കണം. കൂടാതെ ചുവടെ ചേർക്കുന്ന കുറഞ്ഞ ശാരീരിക യോഗ്യതകൾ കൂടി ഉണ്ടായിരിക്കണം.

(i) ഉയരം - 165 സെ.മി
(ii) നെഞ്ചളവ് - 81 സെ.മി (സാധാരണ)
നെഞ്ചളവ് (വികാസം) - 5 സെ.മി

B) കണ്ണട ഇല്ലാതെ ചുവടെ ചേർക്കുന്ന വിധത്തിലുള്ള കാഴ്ചശക്തി ഉള്ളതായി സാക്ഷ്യപ്പെടുത്തിയിരിക്കണം..

		വലത് കണ്ണ്	ഇടത് കണ്ണ്
(i)	ദൂരക്കാഴ്ച	6/6 സ്നെല്ലൻ	6/6 സ്നെല്ലൻ
(ii)	സമീപ കാഴ്ച	0.5 സ്നെല്ലൻ	0.5 സ്നെല്ലൻ

കുറിപ്പ്: (a) ഓരോ കണ്ണിനും പൂർണ്ണമായ കാഴ്ചശക്തി ഉണ്ടായിരിക്കണം

(b) വർണ്ണാന്ധത, കോങ്കണ്ണ് അല്ലെങ്കിൽ കണ്ണിന്റെയോ കൺപോളകളുടെയോ അനാരോഗ്യകരമായ അവസ്ഥ എന്നിവ അയോഗ്യതയായി കണക്കാക്കുന്നതാണ്.

(c) ഒരു സർക്കാർ ആശുപത്രിയിലെ സിവിൽ സർജൻ റാങ്കിൽ കുറയാത്ത മെഡിക്കൽ ഓഫീസറിൽ നിന്നും ശാരീരിക ക്ഷമത, കാഴ്ചശക്തി എന്നിവ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ മെഡിക്കൽ സർട്ടിഫിക്കറ്റ്, **അനുബന്ധം-II** ആയി വിജ്ഞാപനത്തോടൊപ്പം ചേർത്തിട്ടുള്ള മാതൃകയിൽ, കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

(d) ഉദ്യോഗാർത്ഥികളുടെ ശാരീരിക അളവുകൾ ഇന്റർവ്യൂവിന് മുന്നോടിയായി എടുക്കുന്നതാണ്. നിശ്ചിത ശാരീരിക അളവുകൾ ഇല്ലാത്ത ഉദ്യോഗാർത്ഥികളെ ഇന്റർവ്യൂവിന് പങ്കെടുപ്പിക്കുന്നതല്ല.

8. പരിശീലനവും പരീക്ഷയും:-

നേരിട്ടുള്ള നിയമനം വഴി ഈ തസ്തികയിലേയ്ക്ക് നിയമിക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ ആറ് മാസത്തിൽ കുറയാത്ത പരിശീലനത്തിന് വിധേയരാകേണ്ടതാണ്. കൂടാതെ പ്രൊബേഷൻ കാലയളവിൽ മോട്ടോർ ട്രാൻസ്പോർട്ട് സബ് ഇൻസ്പെക്ടർ തസ്തികയ്ക്ക് നിഷ്കർഷിച്ചിട്ടുള്ള പരീക്ഷ (മുമ്പ് വിജയിച്ചിട്ടില്ലെങ്കിൽ) വിജയിച്ചിരിക്കണം.

9. പ്രൊബേഷൻ :-

ഈ തസ്തികയിലേയ്ക്ക് നിയമിക്കപ്പെടുന്നവർ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്ന് വർഷക്കാല സേവനത്തിനിടയിൽ രണ്ട് വർഷക്കാലം പ്രൊബേഷനിലായിരിക്കും. വിജയകരമായി ടെയിനിംഗ് പൂർത്തീകരിക്കുന്ന തീയതി മുതൽ മാത്രമേ പ്രൊബേഷൻ ആരംഭിക്കുകയുള്ളൂ

10. അപേക്ഷ അയയ്ക്കേണ്ട രീതി:

(A) ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ user id-യും password-ഉം ഉപയോഗിച്ച് login ചെയ്ത ശേഷം സ്വന്തം profile-ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link-ലെ Apply Now-ൽ മാത്രം click ചെയ്യേണ്ടതാണ്. പുതുതായി പ്രൊഫൈൽ ആരംഭിക്കുന്ന ഉദ്യോഗാർത്ഥികൾ 6 മാസത്തിനുള്ളിൽ എടുത്ത ഫോട്ടോ പ്രൊഫൈലിൽ upload ചെയ്യേണ്ടതാണ്. ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് upload ചെയ്ത ഫോട്ടോയ്ക്ക് upload ചെയ്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക്

പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷാ ഫീസ് നൽകേണ്ടതില്ല. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ പ്രൊഫൈലിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User Id പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷന മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. അപേക്ഷ സമർപ്പണത്തിനുശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ വിവരങ്ങൾ ഒഴിവാക്കുവാനോ കഴിയുകയില്ല. **ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ soft copy/ print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിലെ 'My applications' എന്ന Link-ൽ click ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മിഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ print out കൂടി സമർപ്പിക്കേണ്ടതാണ്.** തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപന വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള അസൽ പ്രമാണങ്ങൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

(B) ഈ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത്/ ഒ.എം.ആർ/ ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ ഖണ്ഡിക 7 പ്രകാരമുള്ള യോഗ്യതയുള്ള അപേക്ഷകർ മാത്രം പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (Confirmation) തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺ ലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷാ തീയതി വരെയുള്ള അവസാനത്തെ 15 ദിവസങ്ങളിൽ ലഭ്യമാകുന്നതാണ്. പരീക്ഷ എഴുതുമെന്നുള്ള സ്ഥിരീകരണം നിശ്ചിത സമയപരിധിക്കുള്ളിൽ നൽകാത്തവരുടെ അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവു സംബന്ധിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷാ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇതു സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ ഫോൺ നമ്പരിലും നൽകുന്നതാണ്.

(C) പരീക്ഷാ ഷെഡ്യൂളും സിലബസും പ്രത്യേകം വിജ്ഞാപനം ചെയ്യുന്നതാണ്.

11. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി: **16.12.2026** ബുധനാഴ്ച അർദ്ധരാത്രി 12.00 മണി വരെ.

12. അപേക്ഷ സമർപ്പിക്കേണ്ട വെബ് സൈറ്റ്അഡ്രസ്: www.keralapsc.gov.in

13. ഉദ്യോഗാർത്ഥികൾക്കുള്ള പ്രത്യേക നിർദ്ദേശങ്ങൾ:-

(A) തെരഞ്ഞെടുപ്പിന്റെ ഏത് ഘട്ടത്തിലും അപേക്ഷയിൽ അവകാശപ്പെട്ടിട്ടുള്ള യോഗ്യതയോ മറ്റ് വസ്തുതകളോ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങൾ അപ്ലോഡ് ചെയ്യണമെന്ന് ആവശ്യപ്പെടുകൊണ്ടുള്ള പ്രൊഫൈൽ സന്ദേശം ലഭിക്കുന്ന പക്ഷം അനുവദിക്കപ്പെട്ട സമയപരിധിയ്ക്കുള്ളിൽ തന്നെ അവ അപ്ലോഡ് ചെയ്യേണ്ടതാണ്. അല്ലാത്ത പക്ഷം രേഖകൾ അപ്ലോഡ് ചെയ്യാത്ത ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുപ്പിന്റെ തുടർ ഘട്ടത്തിലേക്ക് പരിഗണിക്കുന്നതല്ല.

(B) ഉദ്യോഗാർത്ഥി, അപേക്ഷയിൽ ശരിയായ ജാതി/ സമുദായം അവകാശപ്പെടുകയും അത് എസ്.എസ്.എൽ.സി ബുക്കിൽ രേഖപ്പെടുത്തിയതിൽ നിന്നും വ്യത്യസ്തമാകുകയും ചെയ്യുന്ന സാഹചര്യത്തിൽ ജാതി സർട്ടിഫിക്കറ്റിനൊപ്പം ജാതി/ സമുദായം വ്യത്യാസം സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം കൂടി പ്രമാണ പരിശോധന സമയത്ത് ഹാജരാക്കേണ്ടതാണ്.

(C) ഉദ്യോഗാർത്ഥികൾ ഗസറ്റ് വിജ്ഞാപനത്തോടൊപ്പം ഭാഗം II ആയി ഉൾപ്പെടുത്തിയിട്ടുള്ള പൊതുവ്യവസ്ഥകൾ കൂടി വായിച്ച മനസ്സിലാക്കിയ ശേഷമായിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്. പൊതുവ്യവസ്ഥകൾക്ക് വിരുദ്ധമായി സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

(D) വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ റൂൾസ് ഓഫ് പ്രൊസീജിയർ റൂൾ 22 പ്രകാരം ഏതൊരു ജോലിയ്ക്ക് അവർ അപേക്ഷിക്കുന്നുവോ അതിലേയ്ക്ക് പരിഗണിക്കപ്പെടുന്നതിന് അയോഗ്യരാക്കുകയോ, സ്ഥിരമായോ ഒരു നിശ്ചിത കാലത്തേയ്ക്കോ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് അപേക്ഷകൾ അയയ്ക്കുന്നതിൽ നിന്നും നിരോധിക്കുകയോ, അവർ പങ്കെടുക്കുന്ന പ്രായോഗിക പരീക്ഷയിൽ നിർമ്മിക്കുന്ന സാധനങ്ങളോ, എഴുത്ത് പരീക്ഷയിലെ ഉത്തര കടലാസുകളോ അസാധുവാക്കുകയോ, അവരുടെമേൽ നിയമ നടപടികൾ എടുക്കുകയോ, അവർ ഏതെങ്കിലും ജോലിയിൽ നിയമിക്കപ്പെട്ട് കഴിഞ്ഞുവെങ്കിൽ ആ ജോലിയിൽ നിന്നും അവരെ നീക്കം ചെയ്യുകയോ, ഡിസ്മിസ്സ് ചെയ്യുകയോ, അനുയോജ്യമായ മറ്റ് അച്ചടക്ക നടപടികൾ/ നിയമ നടപടികൾ അവർക്കെതിരെ സ്വീകരിക്കുകയോ, മേൽപ്പറഞ്ഞവയിൽ ഒന്നോ അതിലധികമോ നടപടികൾ അവർക്കെതിരെ കൈക്കൊള്ളുകയോ ചെയ്യുന്നതാണ്.

(ഫോട്ടോ, ഐ.ഡി കാർഡ് ഉൾപ്പെടെയുള്ള വിശദ വിവരങ്ങൾക്ക് ഗസറ്റ് വിജ്ഞാപനത്തിന്റെ രണ്ടാം ഭാഗത്ത് ചേർത്തിരിക്കുന്ന പൊതുവ്യവസ്ഥകൾ നോക്കുക)

CERTIFICATE OF EXPERIENCE **Appendix I**

Name of Firm (Company/ Corporation/ Govt. Department/ Co-operative Institution, etc.)	:
Registration Number (SSI Registration or any other Registration Number)	:
Date of Registration	:
Authority Issued Registration	:

Issued to.....
….....(Name & Address)

This is to certify that the above mentioned person has worked/ has been working in this institution as …..... (here enter the name of the post held and nature of his duty) on Rs..... per day/ per mensum for a period of ..... Years ..... Months .....Days from …../...../..... to …../...../..... (from and to details are to be entered in DD/MM/YYYY format). Out of which he has served as Assistant Engineer or .....(name of post) for a period of .....Years .....Months .....Days. I also certify that the above said experiences of the incumbent is in the field of Mechanical/Automobile Engineering and this Institution has more than ..... employees.

Place :	**Signature with Date**
Date :	**Name**
	Designation of the issuing Authority with Name of the Institution

(Office Seal)

DECLARATION

Certified that Sri./Smt.....mentioned in the above Experience Certificate has actually worked/ is working as ..... (specify the nature of employment) in the above institution during the period from ..... to ..... Out of which he has worked as Assistant Engineer or ..... (name of post in the Institution) for ..... years and this institution has not less than 50 employees as per the entry in Register ..... (name of register to be specified) maintained by the Employer as per the provisions of the ..... Act (name of Act/ Rules to be specified).

Also certified that I am the authorized officer to inspect the registers kept by the employer as per the provisions of the ..... Act/Rules of the State/ Central Government.

Place:	**Signature with Date**
Date :	**Name of Attesting Officer with Designation and Name of Office, who is the notified enforcement officer as per Act/Rules**

(Office Seal)

MEDICAL CERTIFICATE **Appendix II**

[to be obtained from a Medical Officer under the Govt. not below the rank of Civil Surgeon]

I have this day, medically examined Sri./Smt. …..... …..... (Name & Address) and found that he/ she has no disease or infirmity which would render him/ her unsuitable for government service. His/ Her age, according to his/ her own statement is ……and by appearance is …..... His/ Her standards of vision are as follows:-

I. STANDARDS OF VISION (without glasses)		
1. Distant Vision	Right Eye	Left Eye
	.....Snellen	.....Snellen
2. Near Vision	.....Snellen	.....Snellen
3. Field of Vision	.....	.....
	[Specify whether Full or Not] (Entry 'Normal', 'Good', Average, etc., will be inappropriate here)	
4. Colour Blindness ….....		
5. Squint ….....		
6. Any morbid conditions of the Eye or Lids of either eye. ….....		
II. IDENTIFICATION MARKS		
1. …….....……		
2. …….....……		

He/ She is Physically Fit for the post of …..... in..... Department.

I certify to the best of my knowledge and belief that the applicant Sri/Smt..... is the person herein above described and that the attached photograph has a reasonably correct likeness.

Photo of the Candidate

Signature
Name & Designation of the Medical Officer

(The signature of the Medical officer shall be affixed on the photograph leaving the face clear).

Place:
Date:

(Office Seal)

Note:- Details regarding Standards of vision should be clearly stated in the Certificate, as given above. Vague statements such as vision “normal”, “good”, “average” etc., will not be accepted. Specification for each eye should be stated separately. If the specifications are not as indicated above, the Certificate will not be accepted.

സാജു ജോർജ്ജ്
സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ